# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 935    30.01.2019 -ലെ മറുപടി

### ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരസംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി ഏതെല്ലാം ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പഠനം പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കാമോ; ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ആലപ്പാട് ഗ്രാമ പഞ്ചായത്തിൽ ഐ.ആർ.ഇ. ലിമിറ്റഡിന്റെ സാമ്പത്തികം ഉപയോഗിച്ച് വെള്ളനാതുരുത്ത് ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തി പ്രവൃത്തി നടന്നു വരുന്നു .കൂടാതെ ആലപ്പാട് പഞ്ചായത്തിന് തെക്കുഭാഗത്തായി പന്മന പഞ്ചായത്തിൽ KMML ന്റെ ഖനന സ്ഥലത്ത് CWPRS പഠനപ്രകാരം KMML ന്റെ ഫണ്ട് ഉപയോഗിച്ച് നാലുപുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഠനം നടത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. |
| (ബി) ഓഖിചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന കടൽഭിത്തിയുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) | കടൽ ഭിത്തിയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള നാല് പ്രവൃത്തികൾ പരിശോധിച്ചുവരുന്നു. . |
| (സി) ആലപ്പാട് ഗ്രാമപഞ്ചായത്തിലുണ്ടാകുന്ന കടൽക്ഷോഭവും തീരശോഷണവും സംബന്ധിച്ച് വിദഗ്ധ പഠനം നടത്താൻ ജലവിഭവ വകുപ്പ് മുൻകൈയ്യെടുക്കുമോ; വിശദീകരിക്കാമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ